പരമ്പരാഗത മത്സ്യത്തൊഴിലാളികൾ

98 [285] ശ്രീ. പി. ശങ്കരൻ:

,, ടി. വി. ചന്ദ്രമോഹൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ എന്നതിൽ ഏതെല്ലാം വിഭാഗത്തിലുള്ള മത്സ്യത്തൊഴിലാളികൾ ഉൾപ്പെടും;

(ബി) ഇവരുടെ ജനസംഖ്യ എത്രയാണ്;

(സി) ഇവരുടെ ക്ഷേമത്തിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പുതിയ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത പരിപാടികൾ എത്ര കാലത്തിനുള്ളിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഏതെങ്കിലും പ്രത്യേക വിഭാഗത്തിലുള്ള മത്സ്യത്തൊഴിലാളികളെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ആയി കണക്കാക്കുന്നില്ല. മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരേയും അവരുടെ കുടുംബാംഗങ്ങളിൽ നിന്നു തലച്ചുമടായോ സൈക്കിളിലോ മത്സ്യ വിപണനം ചെയ്യുന്നവരേയും മത്സ്യത്തൊഴിലാളികളായി കണക്കാക്കപ്പെടുന്നു.

(ബി) ഇവരുടെ ജനസംഖ്യ 220,592 ആണ്.

(സി) 1. മത്സ്യത്തൊഴിലാളികൾക്ക് വീടും കുടിവെള്ളവും നൽകുന്നതിനു വേണ്ടി 15 കോടി രൂപ മുതൽ മുടക്കുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

2. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (എൻ.സി.ഡി.സി.) പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സ്വന്തമാക്കുന്നതിനാവശ്യമായ വായ്പ മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനം നടത്തുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും മറ്റുമുള്ള പ്രവർത്തന മൂലധനവായ്പ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളും കെട്ടിടവും ഒരുക്കുന്നതിനുള്ള പ്രവർത്തനമൂലധനവായ്പ എന്നിവ മത്സ്യഫെഡ് വഴി നൽകിവരുന്നു. ഈ പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാർ നിശ്ചിത നിരക്കിൽ സബ്സിഡിയും ഓഹരി മൂലധനവും അനുവദിക്കുന്നുണ്ട്. പദ്ധതിയുടെ വിനിയോഗം അനുസരിച്ച് എൻ.സി.ഡി.സി.-യിൽ നിന്നും വായ്പ സർക്കാരിലേക്ക് ലഭിച്ചുവരുന്നു. ഏകദേശം 5494 ലക്ഷം രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3. മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഡീസലിന് സബ്സിഡി നൽകുന്ന പദ്ധതി പരിഗണനയിലാണ്.

(ഡി) ഒരു കൊല്ലം കൊണ്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

മത്സ്യവിപണിയിലെ മാന്ദ്യം ഇല്ലാതാക്കാൻ നടപടി

99 [286] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിനുശേഷം കേരളത്തിൽ മത്സ്യവിപണിയിലുണ്ടായ മാന്ദ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യവിപണിയിലുണ്ടായ മാന്ദ്യം ഇല്ലാതാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) മത്സ്യവിപണിയിലുണ്ടായ മാന്ദ്യം ഇല്ലാതാക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി 100-ൽപ്പരം മത്സ്യസാമ്പിളുകൾ ശേഖരിച്ച് പഠനം നടത്തി മത്സ്യം ഭക്ഷ്യയോഗ്യമാണെന്ന് കണ്ടെത്തി 'സുലിക്കൻ' വൈറസ് മത്സ്യത്തെ ബാധിച്ചിട്ടുണ്ടെന്നുള്ള പ്രചരണം അടിസ്ഥാനരഹിതമാണെന്ന് തെളിയിച്ചു. ഈ വിവരം വാർത്താമാദ്ധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കുകയും വിപണിയിലുണ്ടായ മാന്ദ്യം ഇല്ലാതാക്കാൻ വേണ്ട ബോധവൽക്കരണ നടപടികൾ നടത്തുകയും ചെയ്തു വരുന്നു.

സുനാമി ദുരന്തത്തിനിരയായ മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

100 [287] ശ്രീ. കെ. നാരായണക്കുറുപ്പ്:

" തോമസ് ചാഴികാടൻ:

" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യബന്ധനം ഉപജീവനമായിട്ടുള്ള കുടുംബങ്ങൾക്ക് തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly